കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 12, തിങ്കൾ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 16

നിയമസഭ 1999 ജൂലൈ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....(ചോദ്യം നമ്പർ 395.)

1 (*395) അഴിമതിരഹിത ഭരണത്തിനുവേണ്ടിയുള്ള നടപടികൾ

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിരഹിതമായ ഭരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പ്രധാന നടപടികൾ എന്തൊക്കെയാണെന്നും, ഇവയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിജിലൻസ് വകുപ്പ് കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടികളുടെ ഭാഗമായി ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ആസ്ഥാനങ്ങളിൽ വിജിലൻസ് വകുപ്പ് ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥരെ നിയമിച്ചുകൊണ്ട് കാര്യക്ഷമമായതും അഴിമതിരഹിതവുമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നകാര്യം പരിഗണിക്കുമോ;

(ഇ) വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥരുടെ അന്വേഷണം കുറ്റമറ്റ രീതിയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) അഴിമതിരഹിതവും കാര്യക്ഷമവുമായ ഭരണം രൂപപ്പെടുത്തുന്നതിനുവേണ്ടി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(1) ഒൻപതാം പഞ്ചവൽസരപദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ മൊത്തം അടങ്കലിന്റെ 40 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിക്കു രൂപംകൊടുത്ത് നടപ്പിലാക്കിവരുന്നു.

(2) ജനങ്ങളുടെ ആവശ്യങ്ങളിന്മേൽ എത്രയുംപെട്ടെന്ന് പരിഹാര മാർഗ്ഗമുണ്ടാകണമെന്ന ലക്ഷ്യം മുൻനിർത്തി അധികാരം താഴേത്തലങ്ങളിലേക്ക് കൈമാറാൻ അധികാരവികേന്ദ്രീകരണം നടപ്പാക്കി. ഇതു സംബന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ സെൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി; കമ്മിറ്റിയുടെ ശുപാർശകളിൻമേൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(3) ഭരണരംഗം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുഖ്യമന്ത്രി ചെയർമാനായി ഒരു ഭരണപരിഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി സമർപ്പിച്ച ആദ്യഘട്ട റിപ്പോർട്ടിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

(4) അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരായി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഈ സർക്കാർ കേരള ലോകായുക്ത നിയമം 15/11/98 മുതൽ നടപ്പിൽവരുത്തി. ലോകായുക്തയുടേയും രണ്ട് ഉപലോകായുക്തമാരുടേയും നേതൃത്വത്തിൽ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിൻപ്രകാരം പൊതുപ്രവർത്തകരെയും സർക്കാർ ജീവനക്കാരെയും ലോകായുക്തയുടെ പരിധിയിൽ കൊണ്ടുവന്നു. പൊതുപ്രവർത്തകർക്കും സർക്കാർ ജീവനക്കാർക്കും എതിരായ അഴിമതി, അധികാര ദുർവിനിയോഗം, സ്വജനപക്ഷപാതം തുടങ്ങിയ കുറ്റകൃത്യങ്ങളെക്കുറിച്ച് ലോകായുക്തമുമ്പാകെ പരാതി നൽകാവുന്നതാണ്. ഇതുസംബന്ധിച്ച് യാതൊരു ഫീസും നൽകേണ്ടതില്ല. അഡീഷണൽ ഡി.ജി.പി./ഐ.ജി. റാങ്കിലുള്ള ഒരു ഉന്നതോദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു എസ്.പി.യും രണ്ട് ഡിവൈ.എസ്.പി.മാരുൾപ്പെടെയുള്ള ഒരു പ്രത്യേക അന്വേഷണ ഏജൻസിയെ ലോകായുക്തയുടെ ഫലപ്രദമായ പ്രവർത്തനത്തിനായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

5) സർക്കാരിന്റെ വിജിലൻസ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച് പഠിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തിപ്പെടുത്തി.

വിവിധ വകുപ്പുകളിൽ വകുപ്പുതല വിജിലൻസ് സംവിധാനം രൂപീകരിച്ച് പ്രവർത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു.

(ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ത്വരിതഗതിയിലാക്കുകയും ചെയ്തതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) സംസ്ഥാന വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു ഉന്നതതല സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കോട്ടയം, എറണാകുളം ജില്ലകൾ ആസ്ഥാനമാക്കി വിജിലൻസ് വകുപ്പിന്റെ രണ്ട് പുതിയ പോലീസ് സൂപ്രണ്ടാഫീസുകൾ ആരംഭിക്കുകയും 392 പുതിയ തസ്തികകൾ അനുവദിക്കുകയും പുതിയ 30 ഡീസൽ ജീപ്പുകളും 9 കമ്പ്യൂട്ടറുകളും വാങ്ങുകയും ചെയ്തിട്ടുണ്ട്. അന്വേഷണ സംഘങ്ങളുടെ എണ്ണം 56-ൽ നിന്ന് 96 ആയി വർദ്ധിപ്പിച്ചു.

(2) എല്ലാ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സെല്ലുകൾ രൂപീകരിക്കുകയും പ്രസ്തുത വകുപ്പുകളിലെ ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥരെ വിജിലൻസ് ആഫീസർമാരായി നിയമിക്കുകയും ചെയ്തു.

(3) ഡിപ്പാർട്ടുമെന്റൽ വിജിലൻസ് ഓഫീസർമാരായി നിയമിതരായവർക്ക് ഐ.എം.ജി. യുടെ സഹകരണത്തോടെ 16.03.99 മുതൽ 20.3.99 വരെ പരിശീലനം നൽകി.

(4) ഡിപ്പാർട്ടുമെന്റൽ വിജിലൻസ് ആഫീസർമാർക്ക് സബോർഡിനേറ്റ് ഓഫീസുകളും പ്രോജക്ട് സെറ്റുകളും പരിശോധിക്കുന്നതിനും ഹയലുകൾ പരിശോധിക്കുന്നതിനുമുള്ള അധികാരം നൽകാൻ വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) വകുപ്പുതല വിജിലൻസ് ഉദ്യോഗസ്ഥന്മാരുടെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(6) വകുപ്പുതല വിജിലൻസ് ഉദ്യോഗസ്ഥന്മാരെ ചുമതലയേറ്റ ശേഷം ചുരുങ്ങിയത് രണ്ടുവർഷക്കാലത്തേയ്ക്കെങ്കിലും സ്ഥലം മാറ്റരുതെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(7) വകുപ്പുതല വിജിലൻസ് ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള സ്ഥിരം സംവിധാനമായി ഐ.എം.ജി.യുടെ ട്രെയിനിംഗ് ഷെഡ്യൂളിൽ ഇത് ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(8) വിവിധ വകുപ്പുകളിലെ വിജിലൻസ് ഉദ്യോഗസ്ഥരുടെ സംസ്ഥാനതല സമ്മേളനം 18.06.98-ൽ സർക്കാർ വിളിച്ചുകൂട്ടുകയും വിജിലൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

(സി) മുൻപറഞ്ഞിട്ടുള്ള നടപടികളുടെ ഫലമായി സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിന്റെയും കേസ്സുകളുടെയും അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. കാലപ്പഴക്കംചെന്ന ഒട്ടേറെ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. വകുപ്പുതല വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയതിനാൽ താരതമ്യേന ഗൗരവം കുറഞ്ഞതും വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ പര്യാപ്തവുമായ അന്വേഷണങ്ങൾ പ്രസ്തുത വകുപ്പുതല സെല്ലുകൾ നടത്തുകയും, അതിനാൽ സംസ്ഥാന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൂടുതൽ ഗൗരവമുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സൗകര്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

406/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിൽ അതാതു വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ വിജിലൻസ് സെല്ലുകൾ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ഇ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ഉദ്യോഗസ്ഥന്മാരുടെ അന്വേഷണം കുറ്റമറ്റ രീതിയിലാണ് നടക്കുന്നത്. കഴിവും അർപ്പണബോധവും തെളിയിക്കപ്പെട്ട ഉദ്യോഗസ്ഥരെയാണ് വിജിലൻസ് വകുപ്പിൽ നിയമിക്കുന്നത്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും നടപ്പിലാക്കുന്നതുമൂലം അഴിമതി കുറയുമെന്ന് ഈ ഗവൺമെന്റ് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടത്തുമ്പോൾ ഭരണരംഗം സുതാര്യമാകുന്നു. ജനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കാളികളാകാൻ സാധിക്കുന്നുണ്ട്. ഈ രംഗത്തുണ്ടാകുന്ന അപാകതകൾ അവർക്ക് നേരിട്ട് മനസ്സിലാക്കാനും അവ പരിഹരിക്കാൻ ഫലപ്രദമായി ഇടപെടാനും അവസരമുണ്ടാകും. ഇത് അഴിമതിയില്ലാതാക്കാൻ ഒരളവുവരെ സഹായകരമായിരിക്കും.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : അധികാരം ജനങ്ങളിലേക്കു പകരുന്നതുവഴി ഭരണരംഗത്ത് സുതാര്യതയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്ന അവസരം ഒഴിച്ച് ഭരണത്തിൽ പങ്കാളികളാകാനുള്ള അവസരം ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല. അവർ അത്തരത്തിൽ കാഴ്ചക്കാരായിരുന്നു. അധികാരം താഴെത്തട്ടുകളിലേക്ക് കൈമാറുകയും വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുകയും ചെയ്തത്വഴി യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. അഴിമതിയില്ലാതാക്കി പദ്ധതി പണിയിലെ ചോർച്ച തടയുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനും ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : 1995-96 മുതൽ 1998-99 വരെ എത്ര വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഈ കാലയളവിൽ എത്ര ട്രാപ് കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. ഇ.കെ. നായനാർ : 1996 മുതൽ 99 വരെ വിജിലൻസ് ഉദ്യോഗസ്ഥൻമാർ മിന്നൽ പരിശോധന നടത്തി കേസ്സുകൾ ഉണ്ടാക്കിയിട്ടുണ്ട്. 1996-ൽ 188, 1997-ൽ 164, 1998-ൽ 189, 1999-ൽ 231.

ശ്രീ. ലോനപ്പൻ നമ്പാടൻ : വകുപ്പുതല വിജിലൻസ് ഓഫീസർമാരുടെ ചുമതലകളും കർത്തവ്യങ്ങളും വിശദമാക്കാമോ; അവർക്ക് പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഉദ്യോഗസ്ഥന്മാർക്ക് കുറ്റാന്വേഷണ പ്രവർത്തനങ്ങളിൽ സി.ബി.ഐ. അക്കാഡമിയിലും സംസ്ഥാനത്തും പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. പരിശീലനം കൂടുതൽ കാര്യക്ഷമമാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കണ്ണൻ : ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് മുൻ മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ.കെ. നായനാർ : അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. എൻ. കണ്ണൻ : ഹൈക്കോടതി ഉൾപ്പെടെയുള്ള മറ്റ് പ്രധാന കോടതികളെല്ലാം എറണാകുളത്താണ് സ്ഥിതിചെയ്യുന്നത്. ലോകായുക്ത യുടെ ആസ്ഥാനവും എറണാകുളത്തേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : അങ്ങനെ ഇവിടെ ഒരു ഉദ്ദേശവുമില്ല. നിയമ ത്തിനകത്ത് ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരത്താണ്. ഇപ്പോൾ അത് മാറ്റ ണമെന്നുള്ള ഒരു ഉദ്ദേശവുമില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ അവസരത്തിൽ അഴിമതി നിരോധന പ്രവർത്തനങ്ങളുടെ ഭാഗമായിട്ട് ലോകായുക്ത നിയമം നിലവിൽവരികയും ലോകായുക്തയേയും ഉപലോകാ യുക്തയേയും നിയമിക്കുകയും ചെയ്തു എന്ന് പറയുകയുണ്ടായി. എന്നാൽ ഉപലോകായുക്തയിലെ ഒരു തസ്തിക ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. അത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവോ എന്ന് എനിക്കറിയില്ല. അഴിമതികളെ സംബന്ധിച്ച് നിയമസഭാതലത്തിൽ ഉയർന്നുവരുന്ന ആക്ഷേപ ങ്ങളും ആരോപണങ്ങളും ലോകായുക്തയിലേക്ക് കൈമാറുന്നതിന് ഗവൺ മെന്റ് തന്നെ മുൻകൈയെടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കുമോ; അത്തരം ആക്ഷേപങ്ങൾകൂടി ലോകായുക്തയ്ക്ക് കൈമാറാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : ഇവിടെയിപ്പോൾ ജേക്കബ് ചോദിച്ചത് രണ്ടു കാര്യങ്ങളാണ്.

മി. സ്പീക്കർ : രണ്ടു ചോദ്യങ്ങൾ ചോദിച്ചുവെങ്കിലും അങ്ങ് അതിൽ ഒരെണ്ണത്തിനുമാത്രം ആൻസർ പറഞ്ഞാൽ മതി.

ശ്രീ. ഇ.കെ. നായനാർ : അതിപ്പോൾ രണ്ടുകാര്യങ്ങളെക്കുറിച്ചാണ് ചോദിച്ചിരിക്കുന്നത്. അതിൽ ആദ്യത്തെകാര്യം ലോകായുക്തയിൽ നിയമിക്ക പ്പെട്ട ജഡ്ജി മരിച്ചുപോയതുകൊണ്ട് ആ തസ്തികയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നാണ്; അതിനെ സംബന്ധിച്ച് നമ്മൾ ആലോചിക്കുന്നു ണ്ട്. രണ്ടാമത് ചോദിച്ചതിന് മറുപടി പറയുകയാണെങ്കിൽ, ലോകായുക്ത യുടെ നടപടിക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞിട്ടില്ല. അതിനെപ്പറ്റി അന്വേ ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ നടപടിക്രമങ്ങൾക്കുവേണ്ട കാര്യങ്ങൾ പൂർത്തിയാക്കുന്നതിനായി വേണ്ടതെല്ലാം തയ്യാറാക്കിക്കൊണ്ടിരി ക്കുകയാണ്. അതിൽ ഇവിടെയിപ്പോൾ ബഹു. ജേക്കബ് പറഞ്ഞ നിർദ്ദേശം കൂടി വരുമോയെന്ന് എനിക്കറിഞ്ഞുകൂടാ.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, വരുമാനത്തിൽകവിഞ്ഞ് സ്വത്ത് സമ്പാദിച്ചിട്ടുള്ള ആളുകൾ അവർ ഉദ്യോഗസ്ഥൻമാരായാലും പൊതു പ്രവർത്തകരായാലും ശരി അത്തരം ആളുകൾ സമ്പാദിച്ചിട്ടുള്ള സ്വത്തുക്കൾ കണ്ടുപിടിച്ച് ഗവൺമെന്റിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ശ്രീ. ഇ.കെ. നായനാർ : ഇവിടെ സ്വത്തു സമ്പാദിച്ചിട്ടുള്ളത് സർക്കാരി ലേക്ക് മുതൽക്കൂട്ടുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുമോയെന്നാണ് ചോദിക്കുന്നത്. അനധികൃതമായി സ്വത്തു സമ്പാദിച്ചിട്ടുള്ളവരുടെ എണ്ണം

ധാരാളമുണ്ട്. ഉദ്യോഗസ്ഥൻമാരായാലും മന്ത്രിമാരായാലും എം.എൽ.എ.മാരായാലും ശരി, അവരുടെ കണക്കിൽക്കവിഞ്ഞ സമ്പാദ്യങ്ങളൊന്നും ഗവൺമെന്റിലേക്ക് മുതൽക്കൂട്ടുന്നതിന് ഇപ്പോൾ നിയമനിർമ്മാണമൊന്നും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് വരാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. അത് കൊണ്ടുവരണമോയെന്നകാര്യം ലോകായുക്തയുടെ നടപടിക്രമങ്ങളൊക്കെ പൂർത്തിയാക്കിയശേഷമേ പറയാൻ കഴിയൂ.

<u>ശ്രീ. കെ.പി.എ. മജീദ്</u> : ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുപോലെ ലോകായുക്ത നിലവിൽവന്നിരിക്കുകയാണ്. എന്നാൽ ഈ സഭയിലെ തന്നെ പല അംഗങ്ങൾക്കും ബഹുമാനപ്പെട്ട സ്പീക്കറടക്കമുള്ളവർക്ക് അവരുടെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് നിലവിലുള്ള നിയമമനുസരിച്ച് കൊടുത്തിരിക്കേണ്ട കാലാവധി കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ലോകായുക്ത വന്നതിനുശേഷവും അതിന്റെ റൂൾസ് ഉണ്ടാക്കാത്തതുകൊണ്ടും പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് ഫോം വരാത്തതുകൊണ്ടും ഇതേവരെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുത്തിട്ടില്ല. ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് ഒന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഞാൻ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുത്തിട്ടില്ലെന്ന് ഇവിടെ പറഞ്ഞത് ശരിയല്ല. ഞാൻ എല്ലാക്കൊല്ലവും കൃത്യമായി സ്റ്റേറ്റുമെന്റ് കൊടുക്കുന്നുണ്ട്. ഇവിടെ മാത്രമല്ല, സെന്ററിൽനിന്നും വരുന്നതിനും ഞാൻ സ്റ്റേറ്റുമെന്റ് കൊടുക്കാറുണ്ട്. ലോകായുക്തയുടെ നടപടി ക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എടുക്കാം. അതിന്റെ നടപടിക്രമങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. രാജു</u> : നമ്മുടെ സംസ്ഥാനത്ത് അഴിമതിയെ സംബന്ധിച്ച് അന്വേഷിച്ച് ഗവൺമെന്റിന് ലഭിക്കുന്ന റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ ഇന്ന് വളരെയേറെ കാലതാമസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് വിജിലൻസ് അന്വേഷണം കഴിഞ്ഞ് റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ആ റിപ്പോർട്ടിൻമേൽ ഏറ്റവും കവിഞ്ഞാൽ മൂന്നുമാസത്തിനുള്ളിൽ തന്നെ ഒരു തീരുമാനമെടുക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അതേക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇവിടെ എന്റെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് ഗവർണർക്ക് കൊടുക്കാനുള്ളത് ഞാൻ കൊടുത്തിട്ടുണ്ട്. എന്റെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് പൂർണ്ണമായും കൃത്യമായും അതാത് സമയത്ത് ഞാൻ കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ തെറ്റിദ്ധാരണയുണ്ടാകരുത്. മുഖ്യമന്ത്രി പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുക്കേണ്ടത് ഗവർണ്ണർക്കാണ്. അത് ഞാൻ ഗവർണ്ണർക്ക് കൃത്യമായി കൊടുത്തിട്ടുമുണ്ട്..... (ബഹളം) ..... എല്ലാ മന്ത്രിമാരും അവരുടെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് മുഖ്യമന്ത്രിക്ക് തരും. ഞാൻ എന്റേതടക്കം ഗവർണർക്ക് കൊടുക്കുകയാണ് ചെയ്യുന്നത്. അത് മുടങ്ങാതെ കൊടുത്തിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുക്കണമെങ്കിൽ അതിന് പുതിയ ഫോറം വരണമെന്നാണ് അവർ പറയുന്നത്. എന്റെ ചോദ്യം വേറെയാണ് ..... (ബഹളം)..... പുതിയ ഫോറം വരാത്തതുകൊണ്ട് അത് കൊടുക്കാൻ കഴിയുന്നില്ലെന്നാണ് ഇവിടെ അംഗങ്ങൾ കുറ്റപ്പെടുത്തുന്നത്. അതുകൊണ്ട് അങ്ങ് തന്നെ ഇടപെട്ട് അക്കാര്യത്തിന് പരിഹാരമുണ്ടാക്കണം എന്നാണ് എനിക്കു പറയാനുള്ളത്. അത് വന്നാൽ നെപ്പോട്ടിസവും അഴിമതിയുടെ ഭാഗമായിട്ട് വരുമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നിയമത്തിനകത്തുനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇന്ന് കാണുന്ന ഏറ്റവും വലിയ അഴിമതി എന്നുപറയുന്നത് സ്വജനപക്ഷപാതമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്ങനെ വ്യക്തമായിട്ട് സ്വജനപക്ഷപാതത്തെക്കുറിച്ച് ആക്ഷേപമെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് അഴിമതി നിരോധന കമ്മീഷന് മുൻപിലോ അതല്ലെങ്കിൽ നേരത്തെ പറഞ്ഞതുപോലെ ഈ ഗവൺമെന്റ് ഉണ്ടാക്കിയ പുതിയ സംവിധാനത്തിലോ വിട്ടുകൊടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അങ്ങനെ വിടുന്നതേയില്ല. അതിനുള്ള നടപടിക്രമത്തെക്കുറിച്ച് ഇപ്പോൾ ആലോചിച്ച് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ അത്തരത്തിൽ കിട്ടുന്ന എല്ലാ ആക്ഷേപങ്ങളും അവർക്ക് വിടും. മറ്റൊന്ന് ഇവിടെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുത്തിട്ടില്ലെന്ന് പറഞ്ഞത് ശരിയല്ല, അതൊക്കെ ഗവർണർക്ക് ഞാൻ സമയത്തിന് തന്നെ കൊടുത്തിട്ടുണ്ട്. ഞാൻ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുത്തിട്ടില്ലെന്ന് പറഞ്ഞത് ദുരാരോപണമാണ്. ഞാൻ കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : അത് അദ്ദേഹം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ.എം. മാണി : സർ, ഇവിടെ ചോദ്യവും ഉത്തരവുമൊന്നുമല്ല ഞാൻ പറയുന്നത്. അങ്ങയുടെ അറിവിലേക്കുവേണ്ടി ഒരു കാര്യം പറയുകയാണ്. നിയമത്തിൽ ആറുമാസത്തിനകം പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുക്കണമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ ആറുമാസത്തിനകം ഈ ഗവൺമെന്റ് റൂൾസ് ഉണ്ടാക്കാത്തതുകൊണ്ട് ഞാൻ പഴയ നിയമമനുസരിച്ച് എന്റെ പ്രോപ്പർട്ടീസ് സ്റ്റേറ്റുമെന്റ് കൊടുത്തു. പക്ഷെ അത് ഈ സഭയിലെ ബഹുമാനപ്പെട്ട പല അംഗങ്ങൾക്കും കൊടുക്കാൻ സാധിച്ചിട്ടില്ല. മെമ്പർമാർ അത് കൊടുത്തിട്ടില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. അതിനുണ്ടായ പ്രധാന കാരണം ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായ ലാപ്സസ് ആണ്; അതാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ള പ്രധാനപ്പെട്ട കാര്യം. അതിന് അങ്ങുതന്നെ ഒരു പരിഹാരമുണ്ടാക്കിയാൽ മതി. ഞാൻ എന്റെ ചോദ്യം ചോദിക്കുകയാണ്. ഇവിടെ 'ഡി' ചോദ്യത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് .....(ബഹളം) ..... പഴയ നിയമത്തിലെ നടപടിക്രമമനുസരിച്ച് ഞാൻ എന്റെ പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുത്തിട്ടുണ്ട്. ഇവിടെ 'ഡി' ചോദ്യത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അഴിമതിരഹിതമായ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി മൂന്ന് വകുപ്പുകളുടെ ആസ്ഥാനങ്ങളിൽ വിജിലൻസ് വകുപ്പ് ഉദ്യോഗസ്ഥൻമാരെ നിയമിച്ചു എന്നാണ്. അപ്പോൾ ഈ വകുപ്പുകളുടെ ആസ്ഥാനങ്ങളിൽ വിജിലൻസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്താണ്; അങ്ങനെയാണെങ്കിൽ ഈ മൂന്നു വകുപ്പുകളിൽ മാത്രമായിട്ട് എന്തുകൊണ്ടാണ് വിജിലൻസ് ഉദ്യോഗസ്ഥരെ നിയമിച്ചത്; എന്തുകൊണ്ടാണ് വിജിലൻസ് ഉദ്യോഗസ്ഥന്മാരുടെ നിയമനം ഈ മൂന്നു വകുപ്പുകളിലേക്ക് മാത്രമായി പരിമിതപ്പെടുത്തിയത്; എന്തുകൊണ്ടാണ് എല്ലാ വകുപ്പുകളിലും വിജിലൻസ് ഉദ്യോഗസ്ഥരെ നിയമിക്കാത്തത്; ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. ഇ.കെ. നായനാർ : ഇവിടെ 'ഡി' ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളത്. പൊതുമരാമത്ത്, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിൽ വിജിലൻസ് ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടെന്നാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മാണി ഇവിടെ പറഞ്ഞത് ആ മൂന്ന് വകുപ്പുകളിലേക്ക് മാത്ര മായിട്ടാണ് വിജിലൻസ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതെന്നാണ്. ഈ മൂന്ന് വകുപ്പുകളിലേക്ക് മാത്രമാണെന്ന് മാണി ഇവിടെ പറഞ്ഞത് ശരിയല്ല. തുടങ്ങിയ എന്നുള്ള വാക്ക് മാണി വായിച്ചു നോക്കണം. തുടങ്ങിയ എന്നതു കൊണ്ട് അർത്ഥമാക്കുന്നത് എറ്റ്സെട്രാ എന്നാണ്. അപ്പോൾ ഞാൻ പറഞ്ഞ മറുപടിയിൽ 'തുടങ്ങിയ' എന്നുള്ള വാക്ക് പ്രയോഗിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം ഇവിടെ എടുത്തുപറഞ്ഞ മൂന്ന് വകുപ്പുകളിൽ മാത്രമല്ല, മറ്റു വകുപ്പു കളിലും വിജിലൻസ് ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടെന്നാണ്. പൊതുമരാ മത്ത്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളിൽ അതായത് ഈ മൂന്ന് വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ വിജി ലൻസ് സെല്ലുകൾ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അപ്പോൾ ആ എറ്റ്സെട്രാ എന്നുള്ള വാക്കിൽ മാണി പറഞ്ഞതും ചേർത്തിട്ടുണ്ട്.

<u>ശ്രീ. പി.കെ.കെ. ബാവ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അഴിമതി തടയുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചകാര്യം വിശദീകരിക്കു കയുണ്ടായി. എന്നാൽ അഴിമതി തടയുന്നകാര്യത്തിൽ ജനങ്ങളുടെ പങ്കാളിത്ത മില്ലാതെ അത് പൂർണ്ണമായ വിജയത്തിലേക്ക് എത്തിക്കുവാൻ സാധിക്കുക യില്ല. അതുകൊണ്ട് ജനങ്ങളുടെയിടയിൽ ഇതിനെതിരായിട്ടുള്ള ഒരു ബോധ വൽക്കരണ പരിപാടി നടത്തുന്നതോടൊപ്പംതന്നെ അഴിമതിയുമായി ബന്ധ പ്പെട്ടുണ്ടാകുന്ന കേസ്സുകൾ സമയബന്ധിതമായി നടത്തി അവർക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കുന്നതിന് എന്തുനടപടിയാണ് ഫലപ്രദമായിട്ട് സ്വീകരി ക്കാൻ പോകുന്നതെന്ന് ഒന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അഴിമതി നിരോധനക്കേസ്സുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. കോടതിയാണ് അതിന്റെ സമയം നിശ്ചയിക്കു ന്നത്. അതാണ് നമുക്കുള്ള ഒരു ബുദ്ധിമുട്ട്. എനിക്കും മെമ്പർക്കും ഒരേ ആഗ്ര ഹവും ആശയവുമാണ് അക്കാര്യത്തിലുള്ളത്. എന്നിരുന്നാലും കോടതിയാണ് കേസ്സുകൾ നീട്ടിക്കൊണ്ടുപോകുന്നത്. ഇക്കാര്യം അതുമായി ബന്ധപ്പെട്ട വർക്കൊക്കെ അറിയാവുന്നതാണ്. കോടതിയാണ് കേസ്സുകൾ തീർപ്പാക്കാൻ കാലതാമസമുണ്ടാക്കുന്നത്. അഴിമതിയുടെകാര്യം വേഗം തീർപ്പാക്കണം. അത് വേഗം കോടതിയിൽ വരണമെന്നതാണ് ഗവൺമെന്റിന്റെ നയം. ഏത് അഴിമതിയെ സംബന്ധിച്ചും നമ്മൾ അക്കാര്യം എടുത്താൽ അത് ത്വരിതപ്പെ ടുത്തി നടപ്പാക്കാൻ ജനപങ്കാളിത്തം ഒരു പ്രധാനപ്പെട്ട ഘടകമാണ്. വെറും നിയമം കൊണ്ടുമാത്രം അഴിമതി നിരോധനം നടപ്പാക്കാൻ കഴിയുകയില്ലെന്ന കാര്യം നമുക്ക് ഇതുസംബന്ധിച്ചുള്ള അഖിലേന്ത്യാ ചരിത്രം കണ്ടുകൊണ്ടു തന്നെ അറിയാമല്ലോ? അപ്പോൾ ജനപങ്കാളിത്തം ഇതിലൊരു പ്രധാന പ്രശ്ന മാണ്. ഏതു കക്ഷി എന്ന വ്യത്യാസം കൂടാതെ, ഏത് ആൾ അഴിമതി നടത്തി യാലും, ഏത് അഴിമതിയെ സംബന്ധിച്ചായാലും വ്യക്തിയോ പ്രസ്ഥാനമോ ഏതായാലും അത് പുറത്തുകൊണ്ടുവന്ന് ശക്തമായ സമ്മർദ്ദം ചെലുത്തി യാൽ ഗവൺമെന്റിനും അതിൽ പങ്കാളിത്തം വരുത്താൻ സാധിക്കും. അത് മന സ്സിലാക്കാനും വളരെവേഗം ശിക്ഷ നടപ്പാക്കാനും കഴിയും. ഇപ്പോൾ അഴിമതി സംബന്ധിച്ചുള്ള കേസ്സുകളെല്ലാം കോടതിയിൽ കിടക്കുകയാണ്.

<u>മി. സ്പീക്കർ</u> : യേസ്, ചോദ്യം 396, ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി.

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇവിടെ ചോദ്യകർത്താക്കളുടെ പേരിന്റെ കൂട്ട ത്തിൽ ഗോവിന്ദൻ മാസ്റ്ററുടെ പേര് കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. പി. രാഘവൻ, അദ്ദേഹത്തിനുവേണ്ടി ചോദ്യം ചോദിക്കുന്നതിന് ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററെ ഓതറൈസ് ചെയ്തിട്ടുണ്ട്.

2 (*396) ജയിലുകളിലെ സൗകര്യങ്ങൾ

ശ്രീ. പി. രാഘവൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിയമിച്ച ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) കമ്മീഷന്റെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമായിരുന്നു;

(ഡി) തടവുകാർക്ക് പഠിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) തടവുകാർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ;

(എഫ്) ജയിലിൽവച്ച് മരണമടയുന്ന തടവുകാരുടെ കുടുംബത്തിന് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) സർക്കാർ ഇക്കാര്യത്തിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തടവുകാരുടെ വേതനം, വൈദ്യസഹായം, സാനിറ്റേഷൻ, പാചക സംവിധാനം എന്നിവ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്. ഉദയഭാനു കമ്മീഷൻ 227 ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. എട്ടുവർഷം തനിശിക്ഷയും ഇളവുകളടക്കം പത്തുവർഷവും ശിക്ഷ പൂർത്തിയാക്കിയ ജീവപര്യന്ത തടവുകാരുടെ മോചനം സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനായി പ്രിസൺ റിവ്യൂ കമ്മിറ്റി രൂപീകരിക്കുക, സ്ഥിരം കുറ്റവാളികളെ മറ്റു തടവുകാരിൽനിന്നും മാറ്റി വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിക്കുക, ദക്ഷിണമേഖലയിൽ ഒരു എ.ഐ.ജി. തസ്തിക സൃഷ്ടിച്ച് മേഖലാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിലെ സബ് ജയിലുകൾ, ജില്ലാ ജയിലുകളായി ഉയർത്തുക, രണ്ട് പുതിയ തുറന്ന ജയിലുകൾ സ്ഥാപിക്കുക, ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുക, ആധുനികരീതിയിലുള്ള ജയിൽ കെട്ടിടങ്ങൾ നിർമ്മിക്കുക, പാചക സംവിധാനം മെച്ചപ്പെടുത്തുക, എല്ലാ ജയിലുകളിലും ലൈബ്രറികൾ തുടങ്ങുക, തടവുകാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുക, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ശുപാർശകൾ. ഇവയിൽ ഭൂരിഭാഗവും നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി

LIBRARY ARCHIVES Kerala Legislative Assembly